വാർഷിക പദ്ധതിച്ചെലവ്

12(12) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പദ്ധതിയുടെ 1999-2000 വർഷത്തേയ്ക്ക് എന്തുതുകയാണ് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തിനായി നിർദ്ദേശിച്ചത് ;

(ബി) പ്രസ്തുത വർഷത്തെ പ്ലാൻ ചെലവിനു വേണ്ടി പ്ലാനിംഗ് കമ്മീഷൻ അനുവദിച്ച തുക എത്രയായിരുന്നു ;

(സി) പ്രസ്തുത വർഷത്തിന്റെ ഓരോ ക്വാർട്ടറിലും പ്ലാൻ ചെലവുകളെപ്പറ്റി മന്ത്രിസഭ അവലോകനം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഓരോ ക്വാർട്ടറിലും എന്തു തുക വീതം ചെലവാക്കേണ്ടിയിരുന്നു എന്നും യഥാർത്ഥത്തിൽ എന്തുതുക വീതം ചെലവായി എന്നും വിശദീകരിക്കാമോ ;

(ഇ) 1999 ഡിസംബർ 31 വരെ പദ്ധതിക്കുവേണ്ടി കൃഷി, വ്യവസായം, വൈദ്യുതി, മത്സ്യബന്ധനം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം. റൂറൽ ഡവലപ്മെന്റ്, പൊതുമരാമത്ത്, വൈദ്യസഹായം, പൊതുജനാരോഗ്യം, ശുദ്ധജലവിതരണം, ജലസേചനം, ക്ഷീരവ്യവസായം, വനം, സമൂഹ്യസേവന സർവീസുകൾ എന്നിവയ്ക്കായി പ്ലാനിൽ പ്രസ്തുത കാലഘട്ടത്തിലേയ്ക്ക് എന്തുതുക വീതം ചെലവഴിച്ചു എന്നും അതിൽ 1999 ഡിസംബർ 31 വരെ ഇവയ്ക്കോരോന്നിനും വേണ്ടി 1999-2000-ാമാണ്ടിന്റെ ഓരോ ക്വാർട്ടറിലും എന്തുതുക വീതം ചെലവഴിക്കേണ്ടിയിരുന്നുവെന്നും യഥാർത്ഥത്തിൽ എന്തുതുക വീതം ചെലവായി എന്നും വ്യക്തമാക്കുമോ ;

(എഫ്) ഓരോ ക്വാർട്ടറിലും യഥാർത്ഥത്തിൽ ഈ ഓരോയിനത്തിനും വകയിരുത്തിയ തുകയുടെ എത്ര ശതമാനം വീതമാണ് ചെലവഴിച്ചിട്ടുള്ളത് ; പദ്ധതി ചെലവിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 3250 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതിയാണ് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്.

(ബി) 3250 കോടി രൂപ.

(സി) 1999 ജൂൺ 30-ന് അവസാനിച്ച ഒന്നാമത്തെ ക്വാർട്ടറിലെ പ്ലാൻ ചെലവുകളെപ്പറ്റി മന്ത്രിസഭ അവലോകനം നടത്തിയിട്ടുണ്ട്.

(ഡി) ഓരോ ക്വാർട്ടറിലും ചെലവാക്കേണ്ട തുകയുടെ ടാർജറ്റ് ആസൂത്രണ കമ്മീഷൻ നിശ്ചയിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഓരോ ക്വാർട്ടർ അവസാനത്തിലും ചെലവായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫൈനാൻഷ്യൽ ടാർജറ്റ് താഴെപ്പറയുന്ന പ്രകാരമാണ്.

ക്വാർട്ടർ 1	-	267.13 കോടി രൂപ
ക്വാർട്ടർ 2	-	876.86 കോടി രൂപ
ക്വാർട്ടർ 3	-	1551.62 കോടി രൂപ

(ഇ&എഫ്) വിവിധ ഇനങ്ങൾക്ക് ഓരോ ക്വാർട്ടറിലും ചെലവായ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു†. ഓരോ ക്വാർട്ടറിലും എന്തുതുക ചെലവഴിക്കേണ്ടിയിരുന്നു എന്ന് നിർണ്ണയിച്ചിട്ടില്ല. പദ്ധതിച്ചെലവിൽ പൊതുവേ കുറവ് വന്നിട്ടില്ല.

തലശ്ശേരി താലൂക്കിൽ വസ്തുവകകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം

13(13) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ ഒന്നിനുശേഷം തലശ്ശേരി താലൂക്കിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളെയും കലാപങ്ങളെയും തുടർന്ന് വസ്തുവകകൾ നശിച്ച ആർക്കെല്ലാം എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്കോ, ട്രേഡ് യൂണിയനുകൾക്കോ സംസ്ഥാന ഖജനാവിൽ നിന്നും ഈ ഇനത്തിൽ ധനസഹായം നൽകിയിട്ടുണ്ടോ ;

(സി) ധനസഹായത്തിനായി ഈ സംഘടനകൾ അപേക്ഷിച്ചിരുന്നോ ; എങ്കിൽ എത്ര രൂപയാണ് അവർ സഹായമായി ആവശ്യപ്പെട്ടത് ;

(ഡി) ധനസഹായത്തോത് നിശ്ചയിച്ചത് ആരാണ് ; ഇതിനു സ്വീകരിച്ച മാനദണ്ഡം എന്താണ് ;

(ഇ) കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന്റെ വസ്തുവകകൾ നശിപ്പിക്കപ്പെട്ടതിന് അവർ നഷ്ടപരിഹാരം ആവശ്യപ്പെട്ടത് നൽകിയോ ;

(എഫ്) ഇല്ലെങ്കിൽ കാരണം എന്താണ് ?

ഉത്തരം

(എ-ഡി) കണ്ണൂരിൽ 1999 ഡിസംബർ 6-ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത സമാധാന സമ്മേളനത്തിന്റെ അഭ്യർത്ഥന കണക്കിലെടുത്തുകൊണ്ട് തലശ്ശേരി താലൂക്കിലെ പാനൂർ മേഖലയിൽ സംഘട്ടനങ്ങളെ തുടർന്ന് സ്വത്തുവകകൾക്ക് നാശനഷ്ടം ഉണ്ടായവർക്ക് ധനസഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ധനസഹായം നൽകുന്നതിനുവേണ്ടി നാശനഷ്ടത്തെ സംബന്ധിച്ച് ജില്ലാ കളക്ടറുടെ ചുമതലയിൽ വിശദമായ പരിശോധനകൾ നടന്നുവരികയാണ്. നഷ്ടമുണ്ടായവർക്ക് ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിച്ച തുക കിഴിച്ച് ബാക്കി വരുന്ന തുക ധനസഹായമായി നൽകാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

(ഇ&എഫ്) കോളേജ് അധികാരികൾ ആരും തന്നെ നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12(12) ദയവായി കാണുക]

1999-2000 ആണ്ടിലെ സംസ്ഥാനപദ്ധതിയിൽ താഴെകൊടുത്തിരിക്കുന്ന വിവിധ ഇനങ്ങൾക്ക് ഓരോ ക്വാർട്ടറിലും ചെലവായ തുകയും ചെലവ് ശതമാനവും സംബന്ധിച്ച വിവരങ്ങൾ

വികസന ഇനം	ക്വാർട്ടർ I (30-06-1999)		ക്വാർട്ടർ II (30-09-1999)		ക്വാർട്ടർ III (31-12-1999)	
	ചെല.തുക (കോടിയിൽ)	ശതമാനം	ചെല.തുക (കോടിയിൽ)	ശതമാനം	ചെല.തുക (കോടിയിൽ)	ശതമാനം
കൃഷി	4.57	6	11.83	16	22.00	31
വ്യവസായം	19.46	9	75.93	34	136.83	61
വൈദ്യുതി	93.81	14	227.77	35	339.43	52
മത്സ്യബന്ധനം	2.46	7	16.12	46	21.16	60
പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം	3.52	5	16.10	23	31.15	44
റൂറൽ ഡവലപ്പ്മെന്റ്	5.10	7	18.26	24	21.80	29
പൊതുമരാമത്ത്	5.50	19	15.11	53	33.81	118
വൈദ്യസഹായം-പൊതുജനാരോഗ്യം	5.48	8	14.37	22	24.24	37
ശുദ്ധജല വിതരണം	8.93	7	37.59	28	56.99	42
ജലസേചനം	37.34	15	74.35	31	125.09	52
ക്ഷീരവ്യവസായം	0.08	1	2.12	23	3.34	36
വനം	7.13	10	21.75	31	36.02	52
സാമൂഹ്യസേവന സർവ്വീസുകൾ	31.67	15	86.90	41	141.86	67